# കേരള കലാമണ്ഡലം

(കല്പിതസർവകലാശാല)

വള്ളത്തോൾ നഗർ, ചെറുതുരുത്തി, തൃശൂർ - 679 531


നമ്പർ : കെ.കെ.എം.ഡി.യു./ഇ-2/651/2019 തീയതി : 27/06/2019

## മെമ്മോ

താഴെ പറയുന്ന വിദ്യാർത്ഥി(നി)യെ കേരള കലാമണ്ഡലം ആർട്ട് ഹൈസ്കൂളിൽ 8-ാം ക്ലാസ്സിലേക്ക് നോൺ സ്റ്റൈപ്പന്ററിയായി ........................................................ വിഭാഗത്തിൽ പ്രവേശനത്തിന് തെരഞ്ഞെടുത്തിരിക്കുന്നു. വിദ്യാർത്ഥി(നി) 31/05/2019-ന് രാവിലെ പത്തുമണിയ്ക്ക്/ഉച്ചയ്ക്ക് രണ്ടുമണിക്ക് താഴെ പറയുന്ന രേഖകൾ സഹിതം രക്ഷാകർത്താവിനൊപ്പം കലാമണ്ഡലത്തിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്.

1. സ്വഭാവ സർട്ടിഫിക്കറ്റ്
2. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
3. വിദ്യാർഥി തൊട്ടുമുമ്പ് പഠിച്ചിരുന്ന വിദ്യാലയത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി)
4. 5-പാസ്സ്പോർട്ട് സൈസ് ഫോട്ടോകൾ
5. വിദ്യാർത്ഥിയുടെ പേരിലുള്ള 50/ - രൂപയുടെ മുദ്രക്കടലാസിൽ മറുപുറത്ത് ചേർത്ത കരാർ അതേപടി എഴുതിച്ചോ, ടൈപ്പ്ചെയ്തോ, പ്രിന്റ്ചെയ്തോ കൊണ്ടുവരേണ്ടതാണ്.
6. വിദ്യാർത്ഥിയുടെ ആധാർ കാർഡിന്റെ കോപ്പി
7. വരുമാന സർട്ടിഫിക്കറ്റ് (പ്രവേശന തീയതി മുതൽ 15 ദിവസത്തിനകം വരുമാനസർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന വിദ്യാർഥികളെ മാത്രമേ കലാമണ്ഡലം സ്റ്റൈപ്പന്റിന് പരിഗണിക്കുകയുള്ളൂ).

<u>കലാമണ്ഡലത്തിൽ ചേരുന്ന സമയത്ത് താഴെ പറയുന്ന സംഖ്യകൾ അടച്ച് രശീതി വാങ്ങേണ്ടതാണ്.</u>

| | | |
|---|---|---|
| 1. | അഡ്മിഷൻ ഫീസ് | ₹ 50/- |
| 2. | ലൈബ്രറി ഫീസ് | ₹ 50/- |
| 3. | സ്റ്റേഷണറി ഫീസ് | ₹ 10/- |
| 4. | എക്സ്കർഷൻ ഫീസ് | ₹ 10/- |
| 5. | വിദ്യാർഥി സമാജം | ₹ 50/- |
| 6. | ഓഡിയോവിഷ്വൽ | ₹ 10/- |
| 7. | മാഗസിൻ ഫണ്ട് | ₹ 10/- |
| 8. | പരീക്ഷാ ഫീസ് | ₹ 60/- |
| 9. | ഐഡന്റിറ്റി കാർഡ് ഫീ | ₹ 50/- |
| 10. | പി.റ്റി.എ.ഫണ്ട് | ₹ 50/- |
| | ആകെ | ₹ 350/- |

* കൂടാതെ ഹോസ്റ്റൽ ഡെപ്പോസിറ്റ് 1,500/- രൂപയും, മെസ് അഡ്വാൻസ് 1,500/- രൂപയും അടക്കേണ്ടതാണ്. ഹോസ്റ്റലിൽ താമസിക്കുന്നതിന് ആവശ്യമായ പെട്ടി, കിടക്ക, പ്ലേറ്റ്, ഗ്ലാസ്സ്, ബക്കറ്റ് മുതലായവ കൊണ്ടുവരേണ്ടതാണ്. പാഠ്യവിഷയം മാറ്റാനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. കലാമണ്ഡലത്തിലെ യൂണിഫോം നിർബന്ധമാണ്.
* എസ്.സി./ എസ്.ടി., ഒ.ബി.സി./ഒ.ഇ.സി. വിഭാഗങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള വിദ്യാർഥികൾ സ്വന്തം പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ പകർപ്പ് നിർബന്ധമായും പ്രവേശനദിവസം ഹാജരാക്കേണ്ടതാണ്.
* പട്ടികജാതി/പട്ടികവർഗ, മറ്റർഹ വിദ്യാർത്ഥികൾ എസ്.സി./എസ്.ടി. വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് പ്രവേശന സമയത്ത് ജാതിയും വരുമാനവും തെളിയിക്കുന്ന അസ്സൽ രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. (6 മാസത്തിനുള്ളിൽ ലഭിച്ചവ). പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾ പരീക്ഷാ ഫീസ്, ഐഡന്റിറ്റി കാർഡ് ഫീ, പി.റ്റി.എ.ഫണ്ട് (60+50+50=160) എന്നിവ മാത്രം അടച്ചാൽ മതിയാകും.

**വിവിധ കലാവിഷയത്തിൽ പ്രവേശനം നേടിയവർ താഴെ പറയുന്ന സമയക്രമത്തിലാണ് ഹാജരാകേണ്ടത്.**

| | |
|---|---|
| *31/05/2019, രാവിലെ 10.00* | *കഥകളി വടക്കൻ, കഥകളി തെക്കൻ, ചുട്ടി, നൃത്തം, കർണ്ണാടകസംഗീതം, കൂടിയാട്ടം പുരുഷവേഷം, കൂടിയാട്ടം സ്ത്രീവേഷം, തുള്ളൽ.* |
| *31/05/2019 ഉച്ചയ്ക്ക് 2.00* | *ചെണ്ട, മദ്ദളം, മിഴാവ്, തിമില, മൃദംഗം, കഥകളി സംഗീതം.* |

വിദ്യാർത്ഥി(നി)യുടെ പേര്........................................................................

Sd/-

രജിസ്ട്രാർ

കേരള കലാമണ്ഡലം

കേരള സംസ്ഥാനത്ത് തൃശൂർ ജില്ലയിൽ വള്ളത്തോൾ നഗറിൽ സ്ഥിതി ചെയ്യുന്ന കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്കുവേണ്ടി ഡോ.ആർ.കെ. ജയപ്രകാശ്, രജിസ്ട്രാർ അവർകൾ പേർക്ക് ...................... ജില്ല, .......................... താലൂക്ക്, ............................. വില്ലേജ്, ................................. എന്ന രക്ഷിതാവ്, ............ ജില്ല, .................... താലൂക്ക്, ...................... വില്ലേജ്, ......................................... എന്ന വിദ്യാർത്ഥി എന്നിവർക്കുവേണ്ടി എഴുതികൊടുക്കുന്ന കരാർ.

മേൽപ്പറഞ്ഞ .............................. എന്ന വിദ്യാർത്ഥിയെ 8-ാം ക്ലാസ്സിൽ .......................... കളരി അഭ്യസിക്കുന്നതിന് ഫീസ് കൊടുത്തു പഠിക്കുന്ന വിദ്യാർത്ഥിയായി കേരള കലാമണ്ഡലം തിരഞ്ഞെടുത്തിരിക്കുന്നു. ഞങ്ങളിൽ ഒന്നാം നമ്പറായ .............................. എന്നിവരുടെ രക്ഷാകർതൃത്വത്തിൽ ഇവിടെ ചേർക്കുന്ന .................................. എന്ന വിദ്യാർത്ഥി കേരള കലാമണ്ഡലത്തിലെ നിയമങ്ങളും വ്യവസ്ഥകളും നിബന്ധനകളുമനുസരിച്ച് പഠനം നടത്തിക്കൊള്ളാമെന്നും, കലാമണ്ഡലത്തിലെ നിയമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കുമെതിരായി ടിയാൻ എന്തെങ്കിലും പ്രവർത്തിച്ചതായി തെളിഞ്ഞാൽ ടിയാനെ കലാമണ്ഡലത്തിൽ നിന്നും വിടുതൽ നല്കുന്നതിന് വിരോധമില്ലെന്നും .............................. എന്ന വിദ്യാർത്ഥിയുടെ രക്ഷാകർത്താവായ ............................ എന്ന ആളും ......................... വിദ്യാർത്ഥിയും ഇതിനാൽ സമ്മതിച്ച് ഒപ്പു വെച്ചിരിക്കുന്നു.

1. രക്ഷിതാവ് :

2. വിദ്യാർത്ഥി :